**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 66** **12-10-2026-ൽ മറുപടിയ്ക്ക്**

**<u>പുതുക്കാട് മണ്ഡലത്തിലെ നവകേരള സദസ്സ്പദ്ധതികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. കെ. രാമചന്ദ്രൻ ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** മുൻ സർക്കാരിന്റെ കാലത്ത് നവകേരള സദസ്സിന്റെ ഭാഗമായി അനുവദിച്ച പദ്ധതികളിൽ, അനുവദിച്ച തുകയേക്കാൾ കൂടുതലായി ടെണ്ടർ തുക വന്നവയുടെ ടെണ്ടറുകൾക്ക് അംഗീകാരം നൽകിയിട്ടില്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** മരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട G.O.(Rt.)No.16/2017/FIN dated 06/02/2017 പ്രകാരം ടെൻഡറിൽ ലഭിച്ച നിരക്ക്/ പ്രാദേശിക വിപണി നിരക്ക് അല്ലെങ്കിൽ ഡി. എസ്. ആർ -നോട് 10% കൂട്ടിച്ചേർത്ത നിരക്ക് ഇതിൽ ഏതാണോ കുറവ് അതായിരിക്കും അനുവദിനീയമായ പരമാവധി ടെൻഡർ എക്സസ്. അനുവദിനീയമായ പരിധിക്കുള്ളിലെ ടെൻഡർ എക്സസ് വകുപ്പിന് തന്നെ അനുവദിക്കാവുന്നതാണ്. അനുവദിക്കാവുന്ന പരിധിക്ക് മുകളിൽ വരുന്ന പ്രവൃത്തികളുടെ പ്രൊപ്പോസൽ ധനകാര്യ വകുപ്പിൽ ലഭിക്കുന്ന മുറയ്ക്ക് ആയത് വിശദമായി പരിശോധിച്ച് ധനകാര്യ വകുപ്പിന്റെ അഭിപ്രായം ഭരണവകുപ്പിനെ അറിയിച്ചുവരുന്നു. മാത്രമല്ല വിവിധ പ്രൊപ്പോസലുകൾ സംബന്ധിച്ച വിവരങ്ങൾ ക്രോഡീകരിച്ച് ധനകാര്യ വകുപ്പിൽ സൂക്ഷിക്കുന്നുമില്ല.

**(ബി)** പുതുക്കാട് മണ്ഡലത്തിൽ ഇതിന്റെ ഭാഗമായി അനുവദിച്ച " ഓവുങ്ങൽ-കൊരേച്ചാൽ-ചെമ്പൂച്ചിറ-നൂലുവള്ളി റോഡ് ബി.എം.ബി.സി " നവീകരണ പ്രവൃത്തിയുടെ ടെണ്ടർ പ്രകാരം അധികമായി ആവശ്യമുള്ള തുകയായ 17 ലക്ഷം രൂപ അനുവദിയ്ക്കുന്നതിനും, ടെണ്ടർ അംഗീകാരം നൽകുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**